# സാമൂഹ്യക്ഷേമ ഡയറക്ടറുടെ നടപടിക്രമങ്ങൾ

തിരുവനന്തപുരം,
ഉത്തരവ് നമ്പർ E7-11600/12 തീയതി:21-04-212

================================================================

വിഷയം :- സാമൂഹ്യക്ഷേമ വകുപ്പ് - ജീവനക്കാര്യം - ജൂനിയർ സൂപ്രണ്ട് തസ്തികയിൽ ഉദ്യോഗക്കയറ്റം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :-1. സാമൂഹ്യക്ഷേമ ഡയറക്ടറുടെ 28-02-2009 ലെ ഇ9-45951/08 നമ്പർ ഉത്തരവ്.
2. സാമൂഹ്യക്ഷേമ ഡയറക്ടറുടെ 21-04-2012 ലെ ഇ11-11605/2012 നമ്പർ ഉത്തരവ്.

പരാമർശം ഒന്നിലെ ഉത്തരവ് പ്രകാരം ജൂനിയർ സൂപ്രണ്ട് തസ്തികയിൽ നാല് ഒഴിവുകളും, ഡെപ്യൂട്ടി സൂപ്രണ്ട് കം ഹെഡ്മാസ്റ്റർ ഗ്രേഡ്-2-ൽ 1 ഒഴിവും നിലവിലുണ്ട്. ടി ഒഴിവുകളിലേക്ക് പരാമർശം 2 പ്രകാരമുള്ള ഗ്രേഡ് III വിഭാഗം ജീവനക്കാരുടെ സംയോജിത മുൻഗണനാ പട്ടികയിൽ നിന്നും മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസ് റൂൾസിൽ ഉൾപ്പെടുന്ന താഴെപറയുന്ന അഞ്ച് ജീവനക്കാർക്ക് ഉദ്യോഗക്കയറ്റത്തിന് അർഹതയുണ്ട്.

1. ശ്രീ. ടി. ടി. സെബാസ്റ്റ്യൻ
2. ശ്രീ. എസ്. സുൽഫിക്കർ
3. ശ്രീ. സി. രാമചന്ദ്രൻ
4. ശ്രീ. എ. രാജപ്പൻ പിള്ള
5. ശ്രീ. V.T.രാധാകൃഷ്ണൻ

ഈ സാഹചര്യത്തിൽ ക്രമ നം. 1, 3, 7, 8, 10 എന്നീ ജീവനക്കാരെ KS & SSR ചട്ടം 28(എ) 1 പ്രകാരം 16,180-29,180 രൂപ ശമ്പള സ്കെയിലിൽ ജൂനിയർ സൂപ്രണ്ട്/ ഡപ്യൂട്ടി സൂപ്രണ്ട് കം ഹെഡ്മാസ്റ്റർ ഗ്രേഡ് II എന്നീ തസ്തികകളിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകി, ചുവടെ അവരവരുടെ പേരിന് നേരെ ചേർത്തിരിക്കുന്ന കാര്യാലയത്തിൽ നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉദ്യോഗക്കയറ്റത്തിനനുസൃതമായി അപേക്ഷയുടെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന സ്ഥലംമാറ്റവും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| I | സ്ഥലംമാറ്റം | |
|---|---|---|
| ക്രമ നം. | പേര്, ഇപ്പോൾ ജോലി ചെയ്യുന്ന കാര്യാലയം | സ്ഥലംമാറ്റം നൽകി നിയമിക്കുന്ന കാര്യാലയം |
| 1. | ശ്രീ. എം.കരുണാകരൻ,<br>ഡെപ്യൂട്ടി സൂപ്രണ്ട് കം ഹെഡ്മാസ്റ്റർ ഗ്രേഡ്-2,<br>ഗവ. ജുവനൈൽ ഹോം, തൃശൂർ. | ജൂനിയർ സൂപ്രണ്ട്, ജില്ലാ സാമൂഹ്യക്ഷേമ ആഫീസ്, പാലക്കാട്. |

| II | ഉദ്യോഗക്കയറ്റം | |
|---|---|---|
| ക്രമ നം. | പേര്, ഇപ്പോൾ ജോലി ചെയ്യുന്ന കാര്യാലയം | ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്ന കാര്യാലയം |
| 1. | ശ്രീ. ടി. ടി. സെബാസ്റ്റ്യൻ,<br>സൂപ്രണ്ട് ഗ്രേഡ് II, CHDC തലശ്ശേരി. | ജൂനിയർ സൂപ്രണ്ട്, ജില്ലാ സാമൂഹ്യക്ഷേമ ആഫീസ്, കോഴിക്കോട് |
| 2. | ശ്രീ. എസ്. സുൽഫിക്കർ<br>സൂപ്രണ്ട് ഗ്രേഡ് II,<br>ഒബ്സർവേഷൻ ഹോം, തിരുവനന്തപുരം | ജൂനിയർ സൂപ്രണ്ട്, സാമൂഹ്യക്ഷേമ ഡയറക്ടറേറ്റ്, തിരുവനന്തപുരം. |
| 3. | ശ്രീ. സി. രാമചന്ദ്രൻ<br>സൂപ്രണ്ട് ഗ്രേഡ് II, ഒബ്സർവേഷൻ ഹോം, ആലപ്പുഴ | ഡെപ്യൂട്ടി സൂപ്രണ്ട് കം ഹെഡ്മാസ്റ്റർ ഗ്രേഡ്-2, ഗവ. ജുവനൈൽ ഹോം, തൃശൂർ. |
| 4. | ശ്രീ. എ. രാജപ്പൻ പിള്ള<br>സൂപ്രണ്ട് ഗ്രേഡ് II<br>ഒബ്സർവേഷൻ ഹോം, പത്തനംതിട്ട | ഡെപ്യൂട്ടി സൂപ്രണ്ട് കം ഹെഡ്മാസ്റ്റർ ഗ്രേഡ് II, ജുവനൈൽ ഹോം, കോട്ടയം |
| 5. | ശ്രീ. വി.ടി. രാധാകൃഷ്ണൻ<br>സൂപ്രണ്ട് ഗ്രേഡ് II, HPH, പാലക്കാട്. | ഡെപ്യൂട്ടി സൂപ്രണ്ട് കം ഹെഡ്മാസ്റ്റർ ഗ്രേഡ്-2, ജുവനൈൽ ഹോം, കൊല്ലം. |

സ്ഥലംമാറ്റം/ ഉദ്യോഗക്കയറ്റം അനുവദിക്കപ്പെട്ട ജീവനക്കാരെ ബന്ധപ്പെട്ട കാര്യാലയ മേധാവികൾ ഉടനടി വിടുതൽ ചെയ്യേണ്ടതും വിടുതൽ/പ്രവേശന തീയതികൾ ബന്ധപ്പെട്ട കാര്യാലയ മേധാവികൾ യഥാസമയം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

ഒപ്പ്
സാമൂഹ്യക്ഷേമ ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക്.
ബന്ധപ്പെട്ട കാര്യാലയ മേധാവികൾക്ക്

പകർപ്പ് ഃ-

1. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
2. എല്ലാ ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർമാർക്കും.
3. എല്ലാ സെക്ഷൻ സൂപ്രണ്ട്മാർക്കും.
4. ഡയറക്ടർ/അഡി.ഡയറക്ടറുടെ സി.എ.മാർക്ക്.
5. സൂപ്രണ്ട്, ബി സെക്ഷൻ.
6. സ്റ്റോക്ക് ഫയൽ/സ്പെയർ.

ഉത്തരവിൻ പ്രകാരം



സൂപ്രണ്ട്